എം. എൽ. എ. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള വ്യവസ്ഥ

9 (1804) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ. ഫണ്ട് വിനിയോഗിച്ചുകൊണ്ട് എയ്ഡഡ് യു. പി. സ്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകുന്നതിന് നിലവിൽ വ്യവസ്ഥ ഉണ്ടോ ;

(ബി) ഇല്ലെങ്കിൽ എയ്ഡഡ് യു. പി. സ്കൂളുകൾക്ക് എം. എൽ. എ. ഫണ്ടിൽ നിന്ന് കമ്പ്യൂട്ടർ നൽകുന്നതിനുള്ള തുക അനുവദിക്കുന്നതിന് അനുവാദം നൽകുമോ ?

ഉത്തരം

(എ) എം. എൽ. എ. ഫണ്ടിൽ നിന്നും സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്കൂളുകൾക്ക് മാത്രമേ കമ്പ്യൂട്ടർ നൽകാൻ നിലവിൽ വ്യവസ്ഥയുള്ളു.

(ബി) പരിശോധിക്കാവുന്നതാണ്.

എം. എൽ. എ. മാർക്കുള്ള പ്രാദേശിക വികസന ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട ഫയൽ

10 (1805) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലാ കളക്ട്രേറ്റിൽ നിന്നും എം. എൽ. എ. മാർക്കുള്ള പ്രാദേശിക വികസന ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് പ്രത്യേകാനുമതി തേടിയുള്ള ഫയൽ എന്നാണ് ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഫയലിൽ തീർപ്പു കൽപ്പിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഫയൽ ധനകാര്യ വകുപ്പിൽ 21-5-2002-ൽ ലഭിച്ചു.

(ബി) എം. എൽ. എ. ഫണ്ടിന്റെ പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ഇത് പരിഗണിച്ചു കൊണ്ടിരിക്കയാണ്.

ലാന്റ് അക്വിസിഷൻ കുടിശ്ശിക തീർക്കാൻ നടപടി

11 (1806) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാന്റ് അക്വിസിഷൻ ഇനത്തിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി സംസ്ഥാന സർക്കാർ കൊടുത്തു തീർക്കാൻ കുടിശ്ശികയുള്ള തുക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly